(ബി) RAPDRP, IPDS, RGGVY, DDUGJY എന്നിവയാണ് കേന്ദ്രാവിഷ്കൃത പദ്ധതികൾ.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആവിഷ്കരിച്ച പദ്ധതികൾ

മണിമല, കൂട്ടിക്കൽ, കല്ലറ എന്നിവിടങ്ങളിൽ 33 കെ.വി. സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളും സ്ഥാപിക്കുന്നതിനുള്ള പദ്ധതി.

നിലവിലുള്ള പാമ്പാടി, കാഞ്ഞിരപ്പള്ളി 66 കെ.വി. സബ്സ്റ്റേഷനുകളെ 110 കെ.വി. ആയി ഉയർത്തി ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി.

നിലവിലുള്ള 66 കെ.വി. പാലാ-ഏറ്റുമാനൂർ ലൈനിനെ 110 കെ.വി. ആയി ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി.

നിലവിലുള്ള പാമ്പാടി, കാഞ്ഞിരപ്പള്ളി 66 കെ.വി. സബ്സ്റ്റേഷനുകളെ 110 കെ.വി ആയി ഉയർത്തി ശേഷി വർദ്ധിപ്പിക്കുന്നതിന്, ഓരോ 110/11 കെ.വി. 12.5 എം.വി. ട്രാൻസ്ഫോർമർ ഈ സ്റ്റേഷനുകളിൽ സ്ഥാപിച്ചു കഴിഞ്ഞു. രണ്ടാമത്തെ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ ചെയ്തുവരുന്നു.

കോവൂർ സെക്ഷനിലെ വൈദ്യുതി ഉപഭോക്താക്കൾ

25 (2226) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കോവൂർ സെക്ഷനിൽ എത്ര വൈദ്യുതി ഉപഭോക്താക്കളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സെക്ഷൻ വിഭജിക്കാൻ വൈദ്യുതി ബോർഡ് നടപടി സ്വീകരിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) 26516 ഉപഭോക്താക്കൾ.

(ബി) സെക്ഷൻ ഓഫീസുകൾ വിഭജിക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ ഉൾപ്പെടാത്തതിനാൽ കോവൂർ സെക്ഷന്റെ വിഭജനം ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly